**ഗ്രാമിൻ കൃഷി മ aus സം സേവ**

ഇന്ത്യ കാലാവസ്ഥാ വകുപ്പ്

കേരള കാർഷിക സർവകലാശാല

# അഗ്രോമെറ്റ് ഉപദേശക ബുള്ളറ്റിൻ

**തീയതി : 14-08-2025**

**പാലക്കാട്(കേരളം) കാലാവസ്ഥാ പ്രവചനം - പ്രസിദ്ധീകരിച്ചത് :2025-08-14 ( അടുത്ത 5 ദിവസങ്ങളിൽ 8:30 IST വരെ സാധുവാണ്)**

| ಹವಾಮಾನ ಅಂಶ | 2025-08-15 | 2025-08-16 | 2025-08-17 | 2025-08-18 | 2025-08-19 |
|---|---|---|---|---|---|
| മഴ (മില്ലീമീറ്റർ) | 10.0 | 8.0 | 9.0 | 12.0 | 10.0 |
| ടിമാക്സ് (° C) | 27.0 | 27.0 | 27.0 | 27.0 | 27.0 |
| ടിമിൻ (° C) | 23.0 | 23.0 | 23.0 | 23.0 | 23.0 |
| RH I (%) | 95 | 95 | 95 | 95 | 95 |
| RH II (%) | 90 | 90 | 90 | 90 | 90 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ) | 4 | 4 | 6 | 6 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 230 | 230 | 230 | 230 |
| ക്ലൗഡ് കവർ (ഒക്ട) | 8 | 8 | 8 | 8 | 8 |
| മുന്നറിയിപ്പ് | ശക്തമായ ഉപരിതല കാറ്റ് | ശക്തമായ ഉപരിതല കാറ്റ് | ശക്തമായ ഉപരിതല കാറ്റ് | മുന്നറിയിപ്പ് ഇല്ല | മുന്നറിയിപ്പ് ഇല്ല |

## മുന്നറിയിപ്പ് സംഗ്രഹം:

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

## കാലാവസ്ഥ മുന്നറിയിപ്പുകൾ (അടുത്ത ദിവസം 08:30 IST വരെ പ്രായോഗികം):

ശക്തമായ കാറ്റിന് സാധ്യത

## കാലാവസ്ഥ മുന്നറിയിപ്പുകൾക്കുള്ള agrícolas അനുഭവങ്ങൾ, അനുബന്ധമായ എഗ്രോമെറ്റ് ഉപദേശം:

വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക

## പൊതു ഉപദേശം:

പൊതുനിർദേശങ്ങൾ:-. വിളകളിൽ കൃതയമായ നീർവാർച്ച സൗകര്യം ഒരുക്കുക. വിളകൾക് താങ്ങുകൾ കൊടുക്കുക. താങ്ങുകൾ കൂടുതൽ ബലപ്പെടുത്താൻ ശ്രദ്ധിക്കുക. പാകമായ വിളകളിൽ കഴിവതും നേരത്തെ

| |
|---|
| തന്നെ വിളവെടുപ്പ് നടത്തുക. രോഗങ്ങളുടെയും കീടങ്ങളുടെയും ആക്രമണം ഒഴിവാക്കുന്നതിനായി കളകളും ഉണങ്ങിയതും രോഗം ബാധിച്ചതുമായ ചെടികളും കൃഷിയിടങ്ങളിൽ നിന്നും നീക്കം ചെയ്തു വൃത്തിയായി സൂക്ഷിക്കുക. |

### SMS ഉപദേശം:

| |
|---|
| IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കു സാധ്യത. |

### വിള നിർദ്ദിഷ്ട ഉപദേശം:

| വിള | വിള നിർദ്ദിഷ്ട ഉപദേശം |
|---|---|
| അരി | നെല്ല് (വിരിപ്പ്)-കതിരു വരുന്ന പരുവം- ലക്ഷ്മി രോഗം- കതിര് വരുന്നതിനു മുൻപായി നെൽച്ചെടികളെ ബാധിക്കുന്ന കുമിൾ രോഗമാണ് ലക്ഷ്മി രോഗം അഥവാ വാരിപ്പൂവ്. സാധാരണയായി മൂടിക്കെട്ടിയ അന്തരീക്ഷസ്ഥിതിയിലാണ് ഈ രോഗം കാണപ്പെടുന്നത്. നിലവിൽ ചൂടുകൂടിയ അന്തരീക്ഷസ്ഥിതി ഉണ്ടെങ്കിലും 2 മുതൽ 3 ദിവസം വരെ മൂടിക്കെട്ടിയ അന്തരീക്ഷസ്ഥിതി നിലനിൽക്കുന്ന ഇടങ്ങളിൽ ലക്ഷ്മി രോഗം വരാനുള്ള സാധ്യത കൂടുതലാണ്. വിളഞ്ഞു വരുന്ന കതിരുകളിലെ ചില നെന്മണികൾ മഞ്ഞ നിറത്തിൽ ഉരുണ്ട് പഞ്ഞിപോലെയാകുന്നതാണ് രോഗലക്ഷണം. കതിരുവരാത്ത പാടങ്ങളിൽ ലക്ഷ്മി രോഗം വരുന്നതിനു മുൻകരുതലായി പുട്ടിൽ പരുവത്തിൽ എത്തുമ്പോൾ തന്നെ പ്രൊപികൊണസോൾ 1 ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. |

### ഹോർട്ടി കൾച്ചർ നിർദ്ദിഷ്ട ഉപദേശം:

| ഹോർട്ടി കൾച്ചർ | ഹോർട്ടി കൾച്ചർ നിർദ്ദിഷ്ട ഉപദേശം |
|---|---|
| നാളികേരം | തെങ്ങ് -കൊമ്പൻ ചെല്ലി- നല്ല രീതിയിൽ തെങ്ങിൻ തലപ്പ് വൃത്തിയാക്കി 200 ഗ്രാം മണലും വേപ്പിൻ പിണ്ണാക്കും അടങ്ങിയ മിശ്രിതം 10:1 എന്ന അനുപാതത്തിൽ തെങ്ങോല കവിളകൾക്കിടയിൽ ഇട്ടു കൊടുക്കുന്നത് കൊമ്പൻ ചെല്ലിയുടെ ആക്രമണം തടയാൻ സഹായിക്കുന്നു. ചാണകക്കുഴികളിലും വണ്ടിന്റെ പ്രജനനം നടക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലും മെറ്റാറൈസിയം എന്ന മിത്രകുമിൾ 250 ഗ്രാം 750 മില്ലി വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കുകയും പെരികലത്തിന്റെ ഇല ഇതിൽ ഇട്ടു കൊടുക്കുകയും ചെയ്യുക. |
| വാഴപ്പഴം | വാഴ -പരിചരണം- Ca, Mg, B എന്നീ സൂക്ഷ്മ മൂലകങ്ങളുടെ അപര്യാപ്തത വാഴകളിൽ ഉണ്ടാകാൻ സാധ്യതയുണ്ട്. ഈ മൂലകങ്ങളുടെ അഭാവം മൂലം പുതിയ തൂമ്പിലകൾ വിരിയാതെ വരുകയും അവ കീറി വരുകയും ചെയ്യുന്നു. ഇതിനെ നേരിടുന്നതിനായി രണ്ട് മാസം പ്രായമായ വാഴകളിൽ പല മൂലകങ്ങളുടെ മിശ്രിതവളമായ KAU സമ്പൂർണ 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കാവുന്നതാണ്. |

### കോഴി വളർത്തൽ നിർദ്ദിഷ്ട ഉപദേശം:

| കോഴി വളർത്തൽ | കോഴി വളർത്തൽ നിർദ്ദിഷ്ട ഉപദേശം |
|---|---|
| ചിക്ക് | മൃഗസംരക്ഷണം-:കൂടുകളുടെ തറയിൽ വെള്ളം നനയുന്നതും ഈർപ്പം തങ്ങിനിൽക്കുന്നതും രോഗാണുക്കളുടെ വർദ്ധനവിന്കാരണമാകും. തറയിലെ വിരിപ്പിൽ ഈർപ്പം |

| കോഴി വളർത്തൽ | കോഴി വളർത്തൽ നിർദ്ദിഷ്ട ഉപദേശം |
|---|---|
| | തട്ടുമ്പോൾ പുറത്തുവരുന്ന അമോണിയ വാതകം കോഴിയുടെ ആരോഗ്യത്തിനു ഹാനികരമാണ്. അതുകൊണ്ടു വിരിപ്പ് ഇടയ്ക്കിടെ ഇളക്കി കൊടുത്തു ഈർപ്പം അകറ്റുവാൻ ശ്രദ്ധിക്കണം. |

## കാലാവസ്ഥ മുന്നറിയിപ്പുകളുടെ സാധ്യതാപരമായ ആഘാതങ്ങൾ (പൊതുവായ):

| |
|---|
| വിളവെടുപ്പ് എത്രയും വേഗം നടത്തുക. കനത്ത മഴ പ്രതീക്ഷിക്കുന്നതിനാൽ കൃഷിയിടത്തിൽ ശരിയായ നീർവാർച്ച നൽകുക. വാഴകൾക്ക് താങ്ങുകാലുകൾ കൊടുക്കുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. ഉച്ചകഴിഞ്ഞ് കന്നുകാലികൾക്കും കർഷകർക്കും ഇടിമിന്നൽ ഏൽക്കുന്നത് ഒഴിവാക്കാൻ തുറസ്സായ സ്ഥലങ്ങൾ ഒഴിവാക്കുക. കന്നുകാലി വളർത്തൽ -കനത്ത മഴ കാലത്ത് മൃഗങ്ങളെ ഷെഡിനുള്ളിൽ സംരക്ഷിക്കുക. അവയ്ക്ക് സമീകൃത തീറ്റ നൽകുക |

## പ്രഭാവ അധിഷ്ഠിത ഉപദേശം (സാധാരണ):

| |
|---|
| താഴ്ന്ന പ്രദേശങ്ങളിൽ കനത്ത മഴ വെള്ളപ്പൊക്കത്തിന് കാരണമാകും. കനത്ത മഴയുടെ ഫലമായി കൃഷിയിടം വെള്ളത്തിനടിയിലാകും, ഇത് വിളയുടെ പാകമാകുന്ന ഘട്ടത്തിൽ തന്നെ വിളയ്ക്ക് നാശമുണ്ടാക്കും. ശക്തമായ കാറ്റ് വാഴച്ചെടികൾ മറിഞ്ഞു വീഴാൻ കാരണമാകും. പന്തലുകളിലെ പച്ചക്കറികൾ ശക്തമായ കാറ്റ് മൂലം നശിക്കും. |

**Farmers are advised to download Unified �Mausam� and "Meghdoot" android application on mobile for Weather forecast and weather based Agromet Advisories and "Damini" android application for forecast of Thunderstorm and lightening.**

**Mausam MobileApp link: https://play.google.com/store/apps/details/**

**Meghdoot MobileApp link: https://play.google.com/store/apps/details**

**Damini MobileApp link : https://play.google.com/store/apps/details**